

**8**

ക്ലയന്റ്: **മുസ്താഖ് അലി, ചാവക്കാട്**
വിസ്തീർണ്ണം: **280 സ്ക്വയർഫീറ്റ്**
ഡിസൈൻ: **എ.എം ഫൈസൽ**

നിർമ്മാൺ ഡിസൈൻസ്, മഞ്ചേരി, മലപ്പുറം
enq@nirmandesign.com






# കുക്കിങ് ഏരിയക്ക് സവിശേഷ ശ്രദ്ധ

ആകർഷകമായ രീതിയിലുള്ള വാൾ ക്ലാഡിങ്ങും, ഫാൾസ് സീലിങ്ങും കിച്ചനെ വ്യത്യസ്തമാക്കുന്നു. ആറുപേർക്ക് ഇരിക്കാവുന്ന ഫാമിലി ഡൈനിങ് ടേബിളിനും കിച്ചനിൽ തന്നെ സ്ഥാനം നൽകി. അലുമിനിയം കോംപോസിറ്റും, ഗ്ലാസുമാണ് ക്യാബിനറ്റുകൾക്ക് ഉപയോഗിച്ചത്. ഗ്രേ, വൈറ്റ് കളർ കോംപിനേഷൻ കിച്ചനെ ആഡംബരപൂർണമാക്കുന്നു. മൂന്ന് ഭാഗങ്ങളിൽ നിന്ന് പാചകം ചെയ്യാൻ പാകത്തിലാണ് ഹുഡും, ഹോബും ക്രമീകരിച്ചത്. ഒന്നിൽ കൂടുതൽ പേർക്ക് ഒരേ സമയം പാചകം ചെയ്യാം. ഇൻബിൽറ്റ് സ്റ്റോറേജ് യൂണിറ്റുകളാണ് ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നത്. ഗ്രേ നിറത്തിലുള്ള വിട്രിഫൈഡ് ടൈലുകളാണ് ഫ്ളോറിങ്ങിന്. കൗണ്ടർ ടോപ്പിന് ബ്ലാക്ക് ഗ്രനൈറ്റ് മെറ്റീരിയലാണ്. ബാക്ക് സ്പ്ലാഷിന് സെറാമിക് ക്ലാഡിങ് ടൈലുകൾ നൽകി. കിച്ചനിൽ പാചകം ചെയ്യുന്ന സ്ഥലത്തിന് നേരേ മുകളിൽ റൂഫിൽ നൽകിയ പർഗോളയിലൂടെ നാചറൽ ലൈറ്റ് കടന്നുവരുന്ന വിധം ഗ്ലാസിട്ട ഓപ്പണിങ്ങ് ഉണ്ട്.